## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2211 — 11/03/2020-ൽ മറുപടിക്ക്

### അപകടഭീഷണി ഉയർത്തുന്ന വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി

| ചോദ്യം<br><br>**ശ്രീമതി. യു. പ്രതിഭ** | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| കായംകുളം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വഴി ബി.എം & ബി.സി രീതിയിൽ വീതി വർദ്ധിപ്പിച്ച് നിർമ്മിച്ച ഒന്നാംകുറ്റി കുറ്റിപ്പുറം റോഡിൽ ആശ്രമം ജംഗ്ഷന് സമീപം കെ.എസ്. ഇ.ബി വക രണ്ട് വൈദ്യുത പോസ്റ്റുകൾ റോഡിന്റെ വശങ്ങളിൽ നിന്നും ഏകദേശം 15 cm ഉള്ളിലേക്ക് നിൽക്കുന്നത് ഏറെ അപകടഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ ടി പോസ്റ്റുകൾ സുരക്ഷിതമായ രീതിയിൽ മാറ്റി സ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ? | കായംകുളം നിയോജക മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പ് വഴി ബി.എം. & ബി.സി. രീതിയിൽ വീതി വർദ്ധിപ്പിച്ചു നിർമ്മിച്ച ഒന്നാംകുറ്റി കുറ്റിപ്പുറം റോഡിൽ ആശ്രമം ജംഗ്ഷന് സമീപം നിൽക്കുന്ന KSEBL വക പോസ്റ്റുകൾ നിലവിൽ അപകട ഭീഷണി ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കായംകുളം മുൻസിപ്പാലിറ്റി, പോസ്റ്റ് മാറ്റുന്നതിനുള്ള പണമടക്കുന്ന മുറയ്ക്ക് ടി പോസ്റ്റുകൾ റോഡിന്റെ വശങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ